# മെട്രോ: ഫ്രഞ്ച് സംഘം സന്ദർശനം തുടങ്ങി

കൊച്ചി: കൊച്ചി മെട്രോയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന ഫ്രഞ്ച് ധനകാര്യ ഏജൻസിയായ എഎഫ്ഡിയുടെ നാലംഗ സംഘം കൊച്ചി മെട്രോ പ്രദേശങ്ങൾ സന്ദർശനം തുടങ്ങി. ഇന്നു രാവിലെ ആലുവയിലാണ് സന്ദർശനം ആരംഭിച്ചത്. പദ്ധതിയ്ക്കായി എഎഫ്ഡി നൽകുന്ന സാങ്കേതിക സഹായത്തിനുള്ള മാർഗനിർദേശങ്ങളുടെ അവസാന രൂപം ഈ സന്ദർശനത്തിലുണ്ടാകുമെന്നാണ് കരുതുന്നത്. കൊച്ചി മെട്രോയുടെ വായ്പ സംബന്ധിച്ച നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും സാങ്കേതിക സഹായത്തിന്റെ വിശദാംശങ്ങളും കൊച്ചിയിൽ നടപ്പിലാക്കുന്ന സമഗ്ര ഗതാഗത പദ്ധതിയുമായി (ഉംത) ബന്ധപ്പെട്ട ചർച്ചകൾക്കും വേണ്ടിയാണ് സംഘം എത്തിയിരിക്കുന്നത്. എഎഫ്ഡിയുടെ പാരീസിലെ സുസ്ഥിര ഗതാഗത വിഭാഗത്തിൽ പ്രോജക്ട് മാനേജർമാരായ പ്രിഷീലെ ദി കോണിംങ്ക്, അർണോദ് ദോഫിൻ എന്നിവരും എഎഫ്ഡിയുടെ ഡൽഹി കേന്ദ്രത്തിലെ പ്രോജക്ട് ഓഫീസർമാരായ ഷീഖ് ദിയയും ഗൗതിയൽ കോളിയറുമാണ് സംഘത്തിലുള്ളത്. ഇവർ രണ്ടു ദിവസം കൊച്ചിയിൽ തങ്ങി ചർച്ചകളും വിലയിരുത്തലുകളും നടത്തും.

കൊച്ചി മെട്രോ പദ്ധതിയുടെ ഇതുവരെയുള്ള നിർമാണ പുരോഗതി സംഘം വിലയിരുത്തും. കൊച്ചി മെട്രോയുടെ പ്രോജക്ട് മാനേജരുടെ ചുമതല ഇനിമുതൽ ഡൽഹി ആസ്ഥാനത്ത് പ്രിഷീലെ ദി കോണിംങ്കിനായിരിക്കും. നേരത്തെ സേവിയർ ഹോയാംഗിനായിരുന്നു ഈ ചുമതല.

ഫ്രഞ്ച് സംഘം പദ്ധതി പ്രദേശങ്ങളിൽ സന്ദർശനം നടത്തിയതിനു ശേഷം നിർമാണവുമായി സഹകരിക്കുന്ന വിവിധ ഏജൻസികളുടെ പ്രതിനിധികളുമായി ചർച്ച നടത്തും. പദ്ധതിയുടെ പുരോഗതി, പദ്ധതിക്കായി സാധനസാമഗ്രികൾ വാങ്ങുന്നത് സംബന്ധിച്ച പ്രക്രിയ, വായ്പാ തുക കൈമാറുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ എന്നിവയിൽ ചർച്ച നടക്കും. എഎഫ്ഡി 1500 കോടി രൂപയുടെ സാമ്പത്തിക സഹായമാണ് കൊച്ചി മെട്രോയ്ക്ക് നൽകുന്നത്. ഇതു കൂടാതെ ഏഴു കോടി രൂപയുടെ ഗ്രാന്റ് ടെക്നിക്കൽ അസിസ്റ്റൻസ് പ്രോഗ്രാമിന്റെ ഭാഗമായി നൽകും. കൊച്ചി മെട്രോയുടെ നടത്തിപ്പിനും അറ്റകുറ്റ പണികൾക്കുമായി ഈ സഹായം നൽകുക. ഇത് ഈ വർഷം അവസാനം മുതൽ ലഭിച്ച് തുടങ്ങും. ഇത് സംബന്ധിച്ചും വിശദമായ ചർച്ചകൾ സംഘത്തിന്റെ സന്ദർശനത്തോട് അനുബന്ധിച്ച് ഉണ്ടായിരിക്കും.

സമഗ്ര ഗതാഗത പദ്ധതി അടക്കമുള്ള സാങ്കേതികവും അല്ലാത്തതുമായ സഹായം സംബന്ധിച്ച വിശദമായ ചർച്ച ഫ്രഞ്ച് സംഘം നടത്തും. കൊച്ചി മെട്രോ പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠനം, സാമൂഹിക ആഘാത പഠനം, പുനരധിവാസ നയരൂപീകരണം തുടങ്ങി വിവിധ പഠനങ്ങളുടെ പുരോഗതിയും എഎഫ്ഡി വിലയിരുത്തും. എഎഫ്ഡി നേരത്തെ സാമ്പത്തിക സഹായത്തിന് വച്ച ഉപാധികളുടെ ഭാഗമായാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഏജൻസികളെ കൊണ്ട് കെഎംആർഎൽ ഈ പഠനങ്ങൾ നടത്തിക്കുന്നത്.

കെഎംആർഎല്ലുമായി ഈ വർഷം ഫെബ്രുവരി എട്ടിന് വായ്പാ കരാർ ഒപ്പുവച്ചതിന് ശേഷം എഎഫ്ഡിയുടെ രണ്ടാം ദൗത്യ സംഘമാണ് കൊച്ചിയിൽ എത്തിയിരിക്കുന്നത്. കൊച്ചിമെട്രോ നിർമാണത്തിനു 1170 കോടി രൂപ പ്രമുഖ പൊതുമേഖല ബാങ്കായ കാനറ ബാങ്കിൽ നിന്നും 1500 കോടി രൂപ എഎഫ്ഡിയിൽ നിന്നുമാണ് വായ്പ എടുക്കുന്നത്. കാനറ ബാങ്കുമായുള്ള വായ്പ ഈ മാസം 20നാണ് ഒപ്പുവെച്ചത്.

# മാലിന്യം പണമാണ്; പറവൂരിൽ മാലിന്യസംസ്കരണം വിജയത്തിലേക്ക്

റെജി ജോസഫ്

പറവൂർ: മാലിന്യം പണമാണെന്ന് തെളിയിക്കുകയാണ് വടക്കൻ പറവൂർ നഗരസഭ. നഗരത്തിലെ മാലിന്യം വെടിമറയിലുള്ള സംസ്കരണ കേന്ദ്രത്തിലെത്തിച്ച് ജൈവവളം നിർമിച്ചു വിൽക്കുകയാണ് നഗരസഭ. ദിവസവും ഇവിടെയെത്തിക്കുന്ന ജൈവമാലിന്യം സംസ്കരിച്ച് ജൈവവളവും വെർമി കംപോസ്റ്റ് തയാറാക്കുന്നു. മുൻപ് നഗരത്തിൽ ദുർഗന്ധം വമിച്ച് ജനങ്ങൾക്ക് ദുരിതം സൃഷ്ടിച്ചിരുന്ന മാലിന്യം വളവും പണവുമാക്കി മാറ്റുന്നതിൽ മുനിസിപ്പാലിറ്റി മാതൃകയാവുകയാണ്. വഴിയോരങ്ങളിലും മാർക്കറ്റുകളിലും ഹോട്ടലുകളിലും നിന്നുള്ള ഇലകളും ജൈവമാലിന്യവുമാണ് വെടിമറയിലെ പ്ലാന്റിലെത്തിച്ച് വളമാക്കുന്നത്.

രണ്ടു മാസം ഇടവിട്ട് രണ്ടു ലോഡ് ചാണകം എത്തിച്ചാണ് വളംനിർമാണം. വിവിധയിടങ്ങളിലെ ഗോശാലകളിലും കർഷകരിൽനിന്നുമാണ് ജീർണിയ്ക്കാത്ത ചാണകം വാങ്ങുന്നത്. വെടിമറയിലെ പ്ലാന്റിൽ മണ്ണിരക്കമ്പോസ്റ്റിന്റെ സംസ്കരണത്തിനായി ആറു വനികളാണ് ജോലി ചെയ്യുന്നത്. മാലിന്യം വളമായി മാറിയതോടെ നഗരത്തിന്റെ ഏറെ പ്രദേശങ്ങളും മാലിന്യവിമുക്തമായി. ജൈവവളം 25 കിലോ പായ്ക്കുകറ്റുകളിലാക്കി കിലോ അഞ്ചു രൂപ നിരത്തിലും മണ്ണിരകമ്പോസ്റ്റ് എട്ടു രൂപ നിരക്കിലുമാണ് വിൽക്കുന്നത്. മൂന്നു ടൺ ജൈവവളം ഉത്പാദിപ്പിച്ച് മാസം അര ലക്ഷം രൂപയോളം നഗരസഭയ്ക്ക് വരുമാനം ലഭിക്കുന്നു. വളം നിർമാണ യൂണിറ്റിലെ തൊഴിലാളികളുടെ വേതനം നൽകാൻ ഈ തുക വിനിയോഗിക്കുന്നു.

ദിവസം അഞ്ചു ടൺ മാലിന്യം കുമിഞ്ഞുകൂടുന്ന നഗരമാണ് പറവൂർ. മാർക്കറ്റുകൾ, കശാപ്പുശാലകൾ, ഹോട്ടലുകൾ, വീടുകൾ എന്നിവിടങ്ങളിൽ ഉറവിട മാലിന്യ സസ്കരണത്തിനുള്ള സാധ്യത വന്നതോടെയാണ് മലിനീകരണത്തിന് പരിധിവരെ പരിഹാരമായതെന്ന് നഗരസഭാ വൈസ് ചെയർമാൻ ഷാഹുൽ ഹമീദ് പറഞ്ഞു.


പറവൂർ നഗരസഭയുടെ കീഴിൽ വെടിമറയിൽ പ്രവർത്തിക്കുന്ന മാലിന്യസംസ്കരണ പ്ലാന്റ്

കശാപ്പുശാലകളിലെ അവശിഷ്ടങ്ങൾ വളമാക്കാനുള്ള പദ്ധതിയും അവസാനഘട്ടത്തിലാണ്. കശാപ്പുമാലിന്യം വലിച്ചെറിയുകയും ജലസ്രോതസുകളിലേക്ക് തള്ളുകയും ചെയ്തിരുന്ന പഴയ രീതിക്ക് മാറ്റംവരാൻ ഒരു പരിധിയോളം സാധിച്ചിട്ടുണ്ട്.

ഹോട്ടലുകളിലെ മാലിന്യം വീപ്പകളിൽ നഗരസഭ സംഭരിക്കുന്നു. നഗരപരിധിയിലെ 16 ഹോട്ടലുകൾ മുനിസിപ്പാലിറ്റിക്ക് ഇതിനായി ചെറിയ തുക ഫീസും നൽകുന്നുണ്ട്. വീടുകളിലെ മാലിന്യത്തിൽ നിന്നും പൈപ്പും കംപോസ്റ്റും പാചകവാതകവും നിർമിച്ച് ഉറവിടമാലിന്യ സംസ്കരണത്തിനും പ്രധാന്യം നൽകുകയാണ്. നഗരത്തെ പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള ഊർജിത ശ്രമം വിജയം കണ്ടുകഴിഞ്ഞു.

നഗരപരിധിയിലെ 29 വാർഡുകളിലുമായി വീടുകളിൽ അവശേഷിക്കുന്ന പ്ലാസ്റ്റിക് വീടുകളിൽ തന്നെ പ്രത്യേകം സംഭരിച്ചുവയ്ക്കും. മാസത്തിൽ ഒരിക്കൽ വീതം വീടുകളിലെത്തി പ്ലാന്റ് എർത്ത് എന്ന സംഘടന ഇത് നേരിട്ടു ശേഖരിച്ച് കോയമ്പത്തൂരിൽ വിറ്റഴിക്കുന്നു. പോളിത്തീൻ ബാഗുകൾ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് പാത്രങ്ങൾ തുടങ്ങിയവയെല്ലാം ഇത്തരത്തിൽ ശേഖരിക്കപ്പെടുന്നുണ്ട്. മാസം നാലു ടണ്ണോളം പ്ലാസ്റ്റിക് ഇത്തരത്തിൽ സംഭരിക്കുന്നു. പ്ലാസ്റ്റിക് സംസ്കരണത്തിനായുള്ള ചെറിയ യൂണിറ്റും വെടിമറയിൽ പ്രവർത്തനസജ്ജമാണ്.

കേരളത്തിൽതന്നെ ആദ്യസംരഭമെന്ന നിലയിലാണ് പറവൂർ നഗരസഭ ജൈവമാലിന്യത്തിൽ നിന്നും ജൈവവളം നിർമിച്ചുതുടങ്ങിയത്. ഘട്ടംഘട്ടമായി പദ്ധതി വിപുലീകരിച്ച് വളം നിർമാണ ശൃംഖല വിപുലമാക്കിയതായി ഇതിനുചുമതല വഹിക്കുന്ന പ്രോജക്ട് ഓഫീസർ മിനു തോമസ് പറഞ്ഞു. ജൈവവളം വിൽപ്പാൻ തയാറായാലുടൻ ഇത് വാങ്ങാൻ നഗരപരിധിക്കു പുറത്തുനിന്നു വരെ ആവശ്യക്കാർ എത്തുന്നു. ഒട്ടേറെ വീടുകളിൽ ജൈവപച്ചക്കറി തോട്ടം വളർത്തുന്ന വീട്ടമ്മമാരുണ്ട്. വിഷലിപ്തമായ പഴങ്ങളും പച്ചക്കറിയും കൃഷി ചെയ്തുവിളയിക്കാൻ നഗരസഭയുടെ വളംനിർമാണശാല പ്രയോജനപ്പെടുന്നു. ഇതോടൊപ്പം കടവത്ത് റോഡ് റസിഡന്റ് അസോസിയേഷനും മാലിന്യസംസ്കരണത്തിനായി പുതിയ ആശയവുമായി മുന്നോട്ടു വന്നിരിക്കുന്നു.

അഞ്ച് അടി ഉയരവും എട്ട് ഇഞ്ച് വ്യാസവുമുള്ളതാണ് പൈപ്പുകൾ റസിഡന്റ് അസോസിയേഷൻ വീടുകളിൽ നൽകിയാണ് ജൈവളം നിർമിക്കുന്നത്. ഓരോ വീടിനും രണ്ടു വീതം പൈപ്പുകളാണ് നൽകുന്നത്. സ്ഥലപരിമിതിയുള്ള വീടുകളിൽ ഇവ കുഴിച്ചിട്ട്, ഒന്നിൽ മാലിന്യം നിറയുമ്പോൾ അത് അടച്ചുവച്ച് വളമാക്കും. അപ്പോൾ രണ്ടാമത്തെതിൽ മാലിന്യം നിക്ഷേപിച്ചു വളം തയാറാക്കുന്നു.

പ്ലാസ്റ്റിക് ഒഴികെയുള്ള അടുക്കള മാലിന്യങ്ങൾ ഇവയിൽ നിക്ഷേപിക്കാം. ഇതിൽ നിന്ന് കിട്ടുന്ന ജൈവ വളം വീട്ടുമുറ്റത്തെ പച്ചക്കറികൃഷിക്ക് പ്രയോജനപ്പെടുത്തുന്നു. വെജിറ്റബിൾ ഫ്രൂട്ട് ആൻഡ് പ്രൊമോഷൻ കൗൺസിലിന്റെ സഹകരണത്തോടെ വീടുകളിൽ പച്ചക്കറി കൃഷിയും റസിഡന്റ്സ് അസോസിയേഷൻ നടപ്പാക്കിയിട്ടുണ്ട്.

## അപകടക്കെണിയൊരുക്കി കുണ്ടന്നൂർ ജംഗ്ഷനിലെ കുഴികൾ

മരട് : ബൈപ്പാസിലെ കുണ്ടന്നൂർ ജംഗ്ഷനിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന വാരിക്കുഴികൾ വാഹനങ്ങൾക്ക് അപകടക്കെണിയാവുന്നു. ഏറെ തിരക്കുള്ള ജംഗ്ഷനിൽ റോഡിന്റെ ഒത്തനടുവിലാണ് ആഴമേറിയ പടുകുഴികൾ രൂപപ്പെട്ടിരിക്കുന്നത്. മഴ കനത്തപ്പോൾ വെള്ളം നിറഞ്ഞുകിടക്കുന്ന കുഴികളിൽ വീഴുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് പതിവു സംഭവമായി മാറിയിരിക്കുകയാണ്. എന്നാൽ വാഹനയാത്രികരുടെ ദുരിതം കണ്ടിട്ടും കാണാത്ത മട്ടിലാണ് അധികൃതരെന്നാണ് ആക്ഷേപം.

ബൈപ്പാസിൽ പാലാരിവട്ടം, വൈറ്റില ജംഗ്ഷനുകളിലും കുഴികൾ രൂപപ്പെട്ടിട്ടുണ്ട്. വൈറ്റിലയിൽ രൂക്ഷമായ ഗതാഗതക്കുരുക്കിന് കൂടി ഇത് കാരണമായി. പരാതികൾ വർധിച്ചതോടെ അവിടെ കോൺക്രീറ്റ് ബ്ലോക്കുകൾ നിരത്തി പ്രശ്നം പരിഹരിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടന്നുവരുന്നത്. തിരക്കേറിയ പാലാരിവട്ടം, കുണ്ടന്നൂർ ജംഗ്ഷനുകളിലും ഈ രീതിയിൽ അറ്റകുറ്റപ്പണി നടത്തി കുഴിയിൽ നിന്നും കരകയറ്റണമെന്നാണ് ഉയരുന്ന ആവശ്യം.

സർവീസ് റോഡുകളുടെ സ്ഥിതിയും മറിച്ചല്ല. റോഡിന്റെ പകുതി ഭാഗം കൈയേറ്റക്കാർ കൈവശപ്പെടുത്തി. ബാക്കിയുള്ള ഭാഗത്ത് നിറയെ കുഴികളും. ഇതോടെ ഇതുവഴിയുള്ള വാഹനഗതാഗതവും ഏറെ ദുഷ്കരമാണ്. കാൽനടയാത്ര പോലും സാധ്യമല്ലാത്തവിധം റോഡു തകർന്ന് ചെളിക്കുളമായ നിലയിലാണ് സർവീസ് റോഡിന്റെ പലഭാഗങ്ങളും. നിർമാണത്തിലെ അപാകതയാണ് ഇതിനെല്ലാം കാരണം എന്നാണ് ചൂണ്ടിക്കാട്ടപ്പെടുന്നത്.


ബൈപ്പാസിലെ കുഴികളിൽ വെള്ളം നിറഞ്ഞുകിടക്കുന്നു.